# മുസ്‌ലീംസ്ത്രീകളും ഘോഷാസമ്പ്രദായവും

(എൻ. ഹബ്ബാവീവി ബി. ഏ. വിദ്യാർത്ഥി, നെയ്യാററിൻകര)



മുസ്ലീംസഹോദരിമാരുടെ അനുകമ്പാർഹമായ ദയനീയസ്ഥിതി, സമുദായത്തിനു എത്രമാത്രം ദോഷകരമായി പരിണമിച്ചിട്ടുണ്ടെന്നുള്ള വസ്തുത, കൃത്യബോധമുള്ളവരും സമുദായസ്നേഹികളുമായ മുസ്ലീംസഹോദരന്മാരുടെ വിചാരവീഥിയിൽ എത്തിക്കഴിഞ്ഞിട്ടുണ്ടെങ്കിലും, ഇനിയും പ്രായോഗികമായി പറയത്തക്കയാതൊരുഗുണവും സിദ്ധിച്ചിട്ടില്ലെന്നുള്ള പരമാർത്ഥം വ്യസനസമേതം പ്രസ്താവിക്കാതെ തരമില്ല. നമ്മിൽ അടിയുറച്ചുപോയിരിക്കുന്ന അർത്ഥരഹിതങ്ങളും, നാശഹേതുക്കളുമായ ദുരാചാരങ്ങളെ ദൂരീകരിച്ച്, സ്ത്രീകളുടെ സർവ്വതോമുഖമായ അഭിവൃദ്ധിയ്ക്കുവേണ്ടി അക്ഷീണപരിശ്രമം ചെയ്യുന്നില്ലെങ്കിലല്ലാതെ സമുദായത്തിന് പുരോഗതി ഉണ്ടാവുകയില്ലതന്നെ. മുസ്ലീംവനിതകളുടെ അതിദാരുണമായ ആധുനികസ്ഥിതി പരിതഃസ്ഥിതിക്ക് ഒട്ടും യോജിച്ചതല്ലെന്ന് ചിന്താശക്തിയുള്ളവർക്കൊക്കെത്തന്നെ ബോധ്യമുള്ളതാണ്.

മുസ്ലീംവനിതകളെ അജ്ഞാനാന്ധകാരത്തിൽ ആഴ്ത്തി വിഷമിപ്പിക്കുന്ന ഘോഷാസമ്പ്രദായത്തിന്റെ ജനയിതാക്കൾ മുസ്ലീമിങ്ങളല്ല. ഈ നാശകരമായ ഏർപ്പാട് ഇസ്ലാംമതത്തിനു മുമ്പേതന്നെ യൂറോപ്യൻരാജ്യങ്ങളിൽ നടപ്പിലിരുന്നതായി ചരിത്രം സാക്ഷ്യംവഹിക്കുന്നുണ്ട്. ഈ ദുരാചാരത്തിന് ഇസ്ലാംമതവുമായി യാതൊരു ബന്ധവുമില്ല. പുരാതനകാലത്ത് പേഷ്യയിലെ സൊറാസ്റ്ററന്മാരുടേയും ബൈസൻറയിലുള്ള ക്രിസ്ത്യാനികളുടേയും ഗ്രീക്കുകാരുടേയും ഇടയ്ക്കും, ജപ്പാൻ തുടങ്ങിയ വേറെയും ചില രാജ്യങ്ങളിലും ഈ ആചാരം നടപ്പിലിരുന്നതായി പല ലക്ഷ്യങ്ങൾ ഉണ്ട്. അവിടെയുള്ള സ്ത്രീകൾ മൂടുപടം ധരിക്കയും മിക്കവാറും ഗൃഹാന്തർഭാഗങ്ങളിൽത്തന്നെ കഴിച്ചുകൂട്ടുകയും ചെയ്തിരുന്നതായിക്കാണുന്നു. സ്ത്രീകൾക്ക് പ്രത്യേക ആരാധനസ്ഥലങ്ങൾപോലും ഉണ്ടായിരുന്നുവത്രെ. അക്കാലത്ത് സമുദായമദ്ധ്യത്തിൽ അസ്വാസ്ഥ്യവും യുദ്ധവും ഉണ്ടായിക്കൊണ്ടിരുന്നതിനാൽ സ്ത്രീകൾ മൂടുപടം ഉപയോഗിച്ചിരുന്നത് അന്നത്തെ സ്ഥിതിക്ക് പക്ഷെ ആവശ്യമായിരുന്നിരിക്കാം. കൊട്ടാരങ്ങൾക്ക തുല്യമായ മണിമേടകളും ശുദ്ധവായു ശ്വസിക്കുന്നതിനുള്ള ഉദ്യാനങ്ങളുംമററുമുള്ള കോടീശ്വരന്മാരുടെ കുലീനകളായ സ്ത്രീകൾ ഈ ആചാരം അംഗീകരിച്ചിരുന്നതിലും വിസ്മയിക്കാനൊന്നുമില്ല. എന്നാൽ ഈ ഏർപ്പാട് കാലക്രമേണ എല്ലാം സമുദായക്കാരുടെയിടയ്ക്കും പടർന്നുപിടിച്ച് അതൊരു നിർബ്ബന്ധിതഏർപ്പാടായിത്തീരുകയും, സാധുസ്ത്രീകൾ അതിന് വശംവദരാകുകയും ചെയ്തുപോയി. ഇപ്പോൾ, ഇന്ന് അതു സമുദായോന്നമനത്തിനു വിഘാതമായി പരിണമിച്ചിരിക്കുന്നു. പരിഷ്ക്കാരസൂര്യന്റെ അത്യുഷ്ണകിരണങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും തീവ്രമായി പ്രജ്വലിച്ചുകൊണ്ടിരിക്കുന്ന ഈ ഇരുപതാംനൂററാണ്ടിൽ ഈദൃശമായ ആചാരങ്ങൾക്ക് യാതൊരു മാഹാത്മ്യവുമില്ലെന്നു മാത്രമല്ല, അതൊരു മഹാവിപത്തായിത്തീർന്നിട്ടുമുണ്ട്. ക്രൂരവും അന്തസ്സാരവിഹീനവുമായ ഈ സമ്പ്രദായം, നബിതിരുമേനിയുടെ കാലത്ത്, ഇസ്ലാമിന്റെ ജന്മഭൂമിയായ അറേബ്യയിലോ, ഈജിപ്ത്, തുക്കി എന്നീ ദേശങ്ങളിലോ നടപ്പായിരുന്നില്ല. പാതിവ്രത്യം, സന്മാർഗ്ഗനിഷ്ഠ, ഉത്തമജീവിതം മുതലായ സൽഗുണങ്ങൾ സ്ത്രീകൾക്ക് അപരിത്യാജ്യമായിട്ടുള്ളതാണെന്ന് പരിശുദ്ധ 'ഖുർആൻ' അഭിപ്രായപ്പെടുന്നുണ്ടെങ്കിലും ജീവിതകാലം മുഴുക്കെ ഗൃഹാന്തർഭാഗങ്ങളിൽത്തന്നെ കാരാഗൃഹജീവിതം നയിക്കണമെന്ന് വിശുദ്ധഗ്രന്ഥങ്ങളോ നമ്മുടെ പ്രവാചകനോ കല്പിച്ചിട്ടുള്ളതായി കാണുന്നില്ല. ഈശ്വരനാൽ മനുഷ്യർക്ക് നൽകപ്പെട്ടിട്ടുള്ള അനുഗ്രഹങ്ങളെ പുരുഷന്മാരെപ്പോലെതന്നെ സ്ത്രീകൾക്കും സ്വീകരിച്ചുകൂടെന്നുള്ള ഒരുപദേശംപോലും ഖുർആനിലോ നബിതിരുമേനിയുടെ തിരുവായ്മൊഴികളിലോ കാണുന്നില്ല. അക്കാലത്തുള്ള സ്ത്രീകൾ ആരാധനസ്ഥലങ്ങളിലും, വിദ്യാലയങ്ങളിലും, തെരുവീഥികളിലും, ആശുപത്രികളിലും നിർഭയം സഞ്ചരിക്കയും, ആവശ്യമുള്ളപക്ഷം അന്യപുരുഷന്മാരുമായി സംഭാഷണം നടത്തുകയും ചെയ്തിരുന്നു എന്നുള്ളതിന് രേഖകൾ ഉണ്ട്. ഇന്ന് ഇതു ആക്ഷേപാർഹവും മതവിരുദ്ധവുമാണെന്ന് യാഥാസ്ഥിതികന്മാർ ശഠിക്കുന്നു! ഒരു പർദാസ്ത്രീയ്ക്കു ഭർത്താവിന്റെയോ സഹോദരന്റെയോ പുത്രന്റെയോ സഹായം നഷ്ടമാകുമ്പോൾ കുടുംബഭരണം തന്നെ സാദ്ധ്യമല്ലെന്നു വരുന്നില്ലേ? സമുദായത്തിന് ഇപ്രകാരം നാശകാമായ പർദാആചാരം കാലസ്ഥിതി അനുസരിച്ച് സമുദായോന്നതിക്ക് തടസ്സമാണെന്നറിഞ്ഞു, വിവേചനാശക്തിയുള്ള എല്ലാം സമുദായക്കാരും അതിനെ ത്യാജ്യകോടിയിൽ തള്ളിയിരിക്കുന്ന സ്ഥിതിക്ക്, മുസ്ലീംവനിതകൾ മാത്രം മുറുകെപ്പിടിച്ചിരിക്കുന്നതിന്റെ യുക്തി എനിക്ക് അജ്ഞാതമായിരിക്കുന്നു ഈ അന്തഃപുരവാസം സ്ത്രീപുരുഷന്മാർക്ക് പരസ്പരം പരിചയപ്പെട്ടും, ഇടപഴകിയും, സൌഹാർദ്ദത്തിൽ കഴിയുന്നതിനും, സമുദായസ്നേഹികളായ സഹോദരന്മാരുടെ സഹായസഹകരണങ്ങൾ ലഭിക്കുന്നതിനും വിഘാതമായി നില്ക്കുന്നതിനാൽ ഇരുകൂട്ടർക്കും വ്യക്തിപരവും സർവ്വസാമാന്യവുമായ സ്വഭാവരൂപവല്ക്കരണത്തിനുള്ള സൌകര്യം നഷ്ടമായിപ്പോകുകയാണ് ചെയ്യുന്നതു്.

ഈ ദുരാചാരത്തെ ഉന്മൂലനം ചെയ്യാനുള്ള സിദ്ധൌഷധംസമുദായത്തിന്റെ അമൂല്യസ്വത്തായ ബാലികമാരുടെ വിദ്യാഭ്യാസം ഒന്നുമാത്രമാണ്. സ്ത്രീകളെ വിദ്യാഭ്യാസവിഷയത്തിൽ പ്രബുദ്ധരാക്കേണ്ടതു് ഓരോ മുസ്‌ലിമിന്റെയും കർത്തവ്യമാകുന്നു. ഉൽകൃഷ്ടവിദ്യാഭ്യാസം നൽകത്തക്ക

സൌകര്യമില്ലാത്തപക്ഷം അവരവരുടെ സ്വന്ത കാര്യങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രാഥമികവിദ്യാഭ്യാസംമെങ്കിലും നല്കേണ്ടതു് അപരിത്യാജ്യമായിട്ടുള്ളതാണു്. ജീവിതമത്സരത്തിൽ വിജയം നേടുന്നതിനും, ഉത്തമങ്ങളായ കർമ്മപദ്ധതികളെ ആരാഞ്ഞു് കണ്ടുപിടിക്കുന്നതിനും, ഉൽകൃഷ്ടമായ ജീവിതപഥങ്ങളെ അവലംബിച്ചു് ഇഹലോകജീവിതം പരിപാവനമാക്കിത്തീർക്കുന്നതിനും, വിദ്യാഭ്യാസം അനുപേക്ഷണീയമായിട്ടുള്ളതാണു്. വിദ്യാഭ്യാസം മനുഷ്യരെ ധർമ്മബോധമുള്ളവരും സമുദായസേവനത്തിനു പ്രാപ്തിയുള്ളവരുമാക്കിത്തീർക്കുന്നു. അതു് ജാതിപ്പിശാചിനേയും, അന്ധവിശ്വാസത്തേയും അകററി വിശാലഹൃദയമുള്ളവരാക്കി നമ്മെ പരിവർത്തനം ചെയ്യിക്കുന്നു.

സ്ത്രീവിദ്യാഭ്യാസകാര്യത്തിൽ കൂടുതൽ ഉപദ്രവം ഉണ്ടാക്കുന്നതു് നമ്മുടെ സ്ത്രീകൾ തന്നെയാണു്. സ്വന്ത കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതു് എന്തോ മഹാപാപം ചെയ്യിക്കുന്നതിനേക്കാളും അത്ര കഠോരമായ ഒരു പ്രവൃത്തിയാണെന്നാണു് അവരുടെ ധാരണ. പുരുഷന്മാരുടെ അടിമകളായി തങ്ങളുടെ അവകാശങ്ങളേയും അധികാരങ്ങളേയും സ്വയം ബലി കഴിച്ചു്, ഇസ്ലാമിന്റെ മഹനീയാദർശങ്ങളെ വിസ്മരിച്ചു്, സന്തുഷ്ടചിത്തകളെന്ന നാട്യത്തിൽ മൂകജീവിതം നയിക്കുന്നതു് സ്ത്രീകൾക്കു ശരിയായ വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്തതുകൊണ്ടാകുന്നു. ഒരു കുട്ടി വിദ്യാഭ്യാസത്തിനായി ഇറങ്ങിക്കഴിഞ്ഞാൽ പിന്നെ ഇവരും ഇവരോടു ചേർന്നു് ചില യാഥാസ്ഥിതികന്മാരും പറഞ്ഞു പരത്തുന്ന കർണ്ണാരുന്തുദമായ സംഗതികൾ എത്രമാത്രമാണെന്നു് അനുഭവിച്ചിട്ടുള്ളവർക്കു മാത്രമേ അറിഞ്ഞുകൂടൂ. ഇവരുടെ ഈ അജ്ഞതയെ നാം കുററപ്പെടുത്തിയിട്ടാവശ്യമില്ല. ആയുഷ്കാലം മുഴുവൻ അന്തഃപുരവാസം തന്നെ ജീവിതത്തിന്റെ പരമോദ്ദേശ്യമാണെന്നു് ധ്യാനിച്ചുകൊണ്ടിരിക്കുമ്പോൾ അവരുടെ സഹോദരികൾ പുറത്തിറങ്ങി ശുദ്ധവായു ശ്വസിക്കയും പ്രകൃതിയുടെ നിർദ്ദോഷമായ രാമണീയകം കണ്ടാനന്ദിക്കുകയും ചെയ്യുന്നതിൽ അവർ രോഷാകുലകളായിത്തീരുന്നതിൽ അതിശയിപ്പാനൊന്നുമില്ല. പ്രകൃതിയുടെ സൌന്ദര്യവിലാസങ്ങൾ അവർക്കു് അനുഭവഗോചരമാകുന്നില്ല. ആരോഗ്യം വർദ്ധിക്കുന്നതിനും ജീവിതത്തെ സുഖകരമാക്കുന്നതിനും സഹായിക്കുന്ന പ്രകൃതിഗുണങ്ങളെ ആസ്വദിക്കാതെ, അനാരോഗ്യകരവും പ്രകൃതിവിരുദ്ധവുമായ മാമൂൽചങ്ങലകൾക്കധീനരായി മൃഗതുല്യമായ അടിമജീവിതമാണല്ലോ അവർ നയിക്കുന്നതു്. ഇവരുടെ അധഃപതനത്തിനുള്ള പ്രധാന കാരണം ഉദരപൂരണത്തിനായി അലഞ്ഞുനടക്കുന്ന മതപണ്ഡിതന്മാരുടെ അർത്ഥരഹിതമായ ഉപദേശങ്ങളാണു്. 'ഖുർ ആൻ' ഒഴിച്ചു് വേറെ യാതൊരു ഭാഷയും സ്ത്രീകളെ പഠിപ്പിച്ചുകൂടെന്നാത്രെ ഇക്കൂട്ടരുടെ നിരർത്ഥകമായ വാദം. ഖുർആനേപ്പോലും അർത്ഥം ഗ്രഹിപ്പിച്ചു് ആ പരിശുദ്ധഗ്രന്ഥത്തിന്റെ മാഹാത്മ്യത്തെ കുട്ടികളെ ഗ്രഹിപ്പിക്കയാണെങ്കിൽ അതൊരു മഹത്തായ അനുഗ്രഹം തന്നെയായിരിക്കും. പ്രത്യുത കുട്ടികളെ പത്തുപതിന്നാലുവയസ്സുവരെ തത്തകളെ പഠിപ്പിക്കുന്നതുപോലെ 'ഖുർആൻ' വായിക്കാൻ മാത്രം അഭ്യസിപ്പിക്കുന്നതുകൊണ്ടു് എന്താണാവോ പ്രയോജനം! ഖുർആനിലെ കുറെ വരികൾ അർത്ഥം ഗ്രഹിക്കാതെ കാണാതെ ചൊല്ലിക്കഴിയുമ്പോൾ തങ്ങളുടെ മക്കൾ സർവ്വജ്ഞകളായി ചമഞ്ഞിരിക്കയാണെന്നാണു് മാതാപിതാക്കന്മാർ അഭിമാനിക്കുന്നതു്. ഇംഗ്ലീഷ് പഠിക്കുന്നതു് മതവിരുദ്ധമായിട്ടുള്ളതാണെന്നു പുരോഹിതന്മാർ പറയുന്നതിനെ വേദവാക്യമായിട്ടു് ഇന്നും ചിലർ കരുതിപ്പോരുന്നതാണത്ഭുതം!! അഭ്യസ്തവിദ്യരായ പല മുസ്ലീംയുവാക്കന്മാരും ഇന്നും ഘോഷാസമ്പ്രദായത്തിനെ അനുകൂലിക്കയും സ്ത്രീകളെ വിദ്യ അഭ്യസിപ്പിക്കുന്നതിൽ വൈമനസ്യം കാണിക്കയും ചെയ്യുന്നതു് ലജ്ജാവഹമെന്നല്ലാതെ എന്തു പറയട്ടെ!! ഇവരുടെ ഈ യാഥാസ്ഥിതികത്വം തന്നെയാണു് സ്ത്രീകളെ അന്തഃപുരത്തിനുള്ളിൽ ഏകാന്തവാസം അനുഭവിപ്പിച്ചു് മതത്തിന്റെ ഓജസ്സിനെ നശിപ്പിക്കയും, മുസ്ലീംവനിതകളുടെ പുരോഗതിയെ ധ്വംസിക്കയും, സാമുദായികശക്തിയെ ക്ഷീണിപ്പിക്കുകയും ചെയ്യുന്നതു്. പ്രകൃതിദത്തമായ സൂര്യപ്രകാശവും, ശുദ്ധവായുവും ലഭിക്കാതെ ഭയങ്കരമായ രോഗങ്ങൾക്കധീനരായി അകാലമരണം പ്രാപിക്കണമെന്നു് മുസ്ലീംസ്ത്രീകളോടു് സർവ്വജ്ഞനായ ജഗൽപിതാവു് ആജ്ഞാപിച്ചിട്ടില്ലെന്നു് ഇനിയെങ്കിലും ഇവർ ഗ്രഹിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നമ്മുടെ ബാലികമാരെ ശരിയായ രീതിയിൽ വിദ്യ അഭ്യസിപ്പിച്ചു് അസ്വതന്ത്രവലയിൽനിന്നും വിമുക്തരാക്കുകയാണെങ്കിൽ, അവരിൽ അന്തർലീനമായിക്കിടക്കുന്ന ശക്തിവിശേഷം അവരെ ലോകത്തിനും സമുദായത്തിനും പരമോപകാരപ്രദമാക്കിത്തീർക്കുന്നതും, അവർ ഭരണമണ്ഡപത്തിലും സമുദായാന്തരീക്ഷത്തിലും ഉജ്ജ്വലതാരകങ്ങളായി ആചന്ദ്രതാരം പ്രശോഭിക്കുന്നതുമാണെന്നുള്ളതു് ഒരു അവിതർക്കിതമായ സംഗതിയാണു്. എന്നാൽ ഇതിനു് അവർക്കു സമയവും സൌകര്യവും അനുവദിക്കാതെ യവനികയ്ക്കുള്ളിൽ ജീവച്ഛവങ്ങളുമായി കാലം കഴിക്കുന്നതിനു് നിർദ്ദയമായി വിട്ടിരിക്കുന്നു. ദേശാന്തരത്തിലുള്ള ഇതരസഹോദരികൾ സ്വാതന്ത്ര്യസമന്വിതം ലോകഗതികൾ വീക്ഷിക്കുകയും, തങ്ങളുടെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുകയും, തങ്ങളുടെ സഹോദരന്മാരോടു സഹകരിച്ചു പ്രവർത്തിക്കയും ചെയ്യുമ്പോൾ മുസ്ലീംസഹോദരികൾമാത്രം ഈ ശോചനീയമായ അവസ്ഥയിൽ കഴിയണമെന്നു ശഠിക്കുന്നതു് മുസ്‌ലീംസഹോദരന്മാർക്കു് അഭിമാനകരമാണോ എന്നു മാത്രമാണു് എന്റെ വിനീതമായ പ്രശ്നം. ഒരു ശക്തിമേറിയ സമുദായത്തെയും രാഷ്ട്രത്തേയും നിർമ്മിക്കണമെങ്കിൽ സ്ത്രീകൾ പരിഷ്കൃതകളും വിദ്യാഭ്യാസസമ്പന്നകളുമായിരിക്കേണ്ടതാണു്. ഈദൃശമായ കാര്യങ്ങളെ സ്മരിച്ചു നമ്മുടെ സമുദായത്തിൽ വിദ്യാഭ്യാസവും മനോവിശാലതയും സിദ്ധിച്ചിട്ടുള്ളവർ—സമയവും പണവും സമുദായകാര്യങ്ങൾക്കായി വിനിയോഗിക്കാൻ സന്നദ്ധരായിട്ടുള്ളവർ—കുറച്ചുകൂടി ഉണർവും ഉത്സാഹവും പ്രദർശിപ്പിച്ചു്, നിസ്സ്വാർത്ഥരായി, സമുദായത്തിലെ സഹോദരിമാരുടെ ഗുണത്തിനായി ശ്രമിക്കേണ്ടതാണെന്നു് എത്രയും താഴ്മയോടു പ്രാർത്ഥിക്കുകമാത്രമേ എനിക്കു് ഈ അവസരത്തിൽ ചെയ്യേണ്ടതായിട്ടുള്ളു. എന്റെ പ്രാർത്ഥന ആകാശവായുവിൽ ലയിച്ചുപോകയില്ലെന്നും അതു കേൾക്കേണ്ടവരുടെ കർണ്ണപുടങ്ങളിൽ എത്തിച്ചേരുമെന്നുമാണു് എന്റെ പരിപൂർണ്ണമായ വിശ്വാസം.